പതിനാലാം കേരള നിയമസഭ

<u>പതിനാലാം സമ്മേളനം</u>

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-1964** **06.02.2019 ൽ മറുപടിയ്ക്ക്**

## <u>തീര സുരക്ഷ</u>

| <u>ചോദ്യം</u><br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>എം.എൽ.എ | | <u>മറുപടി</u><br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | തീര സുരക്ഷ വർദ്ധിപ്പിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | (എ)&(ബി) | സർക്കാർ അധികാരത്തിൽ വന്നശേഷം തീര സുരക്ഷ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ചുവടെ കൊടുക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്<br>1. കോസ്റ്റൽ സെക്യൂരിറ്റി സ്കീം (CSS) II ൽ ഉൾപ്പെടുത്തി 10 കോസ്റ്റൽ പോലീസ്സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>2. ഇതിലേയ്ക്കായി 270 സേനാംഗങ്ങളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.<br>3. തീരദേശ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുവേണ്ടി തീരദേശത്ത് വസിക്കുന്ന 200 മത്സ്യതൊഴിലാളി യുവാക്കളെ തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽവാർഡൻമാരായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്.<br>4. ആറ് ( 6 )പുതിയ തീരദേശ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>5. തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെയും നാവിക സേനയുടേയും പ്രത്യേക |
| (ബി) | കോസ്റ്റൽ പോലീസിന്റെ ശേഷി വർദ്ധിപ്പിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | പരിശീലനംസിദ്ധിച്ചിട്ടുള്ള സേനാംഗങ്ങളെ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്.<br>6. തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഇന്റർസെപ് റ്റർ ബോട്ടുകൾ ഉപയോഗിച്ച് തീരപ്രദേശത്തും ഉൾക്കടലിലും നിരന്തരം പട്രോളിംഗ് നടത്തിവരുന്നുണ്ട്.<br>7. ബോട്ടുകളുടെ റിപ്പയറിംഗിനും മെയിന്റനൻസിനുമായി കൊച്ചിൻ ഷിപ്പ്യാർഡുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.<br>8. കോസ്റ്റൽ പോലീസിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി 18 സാറ്റലൈറ്റ് ഫോണുകൾനൽകിയിട്ടുണ്ട്.<br>ഇത് കൂടാതെ, വിവിധ സർക്കാർ - സർക്കാർ ഇതര ഏജൻസികളുടെയും, നേവി, കോസ്റ്റ് ഗാർഡ് എന്നിവയുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ തീരദേശജില്ല തലത്തിൽ ജില്ലാ കളക്ടർ അധ്യക്ഷനായി ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി ഓൺ കോസ്റ്റൽ സെക്യൂരിറ്റിയും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി സ്റ്റേറ്റ് ലെവൽ കമ്മിറ്റി ഓൺ കോസ്റ്റൽ സെക്യൂരിറ്റിയും രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ.